# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 490

12.06.2012 ൽ മറുപടിക്ക്

## <u>വായ്പ തിരിച്ചടവിലെ ഇളവുകൾ</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ വായ്പാ സംഘങ്ങൾ നൽകുന്ന വായ്പകളുടെ പലിശയും മറ്റു ചെലവുകളും മുതലിനേക്കാൾ അധികമായി ഈടാക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ വായ്പകൾ സമയബന്ധിതമായി ഈടാക്കുക എന്ന ലക്ഷ്യം മുൻനിർത്തി വായ്പക്കാർക്ക് തിരിച്ചടവിനുള്ള പ്രോത്സാഹനം എന്ന നിലയിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നൽകിയ വായ്പകളിൽ നിഷ്ക്രിയ ആസ്തികളായി/ കുടിശ്ശികയായി തുടരുന്ന 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ മുതലിനേക്കാൾ കൂടുതലായി വർദ്ധിച്ചിട്ടുണ്ടെങ്കിൽ അത്തരം വായ്പകളിൽ മുതൽ ഇനത്തിൽ ബാക്കി നിൽപ്പുള്ള തുകയ്ക്ക് തുല്യമായ തുക പലിശയും, പലിശയുടെ 10% തൻചെലവു മാത്രം ഈടാക്കി വായ്പാ കണക്കവസാനിപ്പിക്കാൻ സഹകരണ സംഘങ്ങൾ നടപടികൾ സ്വീകരിക്കുവാൻ 49/2010 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളിലെ എൻ.പി.എ പിരിച്ചെടുക്കുന്നതിന് ഈ നിർദ്ദേശം നൽകുമോ; | ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക ഈടാക്കുന്നതിനും കുടിശ്ശിക വായ്പകൾ സമയബന്ധിതമായി തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ സഹകരണ സംഘങ്ങളും ഇക്കാര്യത്തിൽ കാര്യമായ പ്രവർത്തനം നടത്തി കുടിശ്ശിക കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| സി) | വായ്പ തിരിച്ചടവിന് ഇപ്പോൾ എന്തെല്ലാം ഇളവുകളാണ് വായ്പക്കാരന് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | സി) സഹകരണ സംഘം രജിസ്ട്രാറുടെ 49/2010 സർക്കുലർ നിർദ്ദേശ പ്രകാരമുള്ള ഇളവുകൾ നൽകി വരുന്നു. 2012 ജൂലൈ -ആഗസ്റ്റ് മാസം "ആശ്വാസ്-2012" എന്ന പേരിൽ കുടിശ്ശിക സമാഹരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ